"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - മലപ്പുറം ജില്ല ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.അരവിന്ദ് വി.-ക്ക് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിൽ ക്ലാർക്ക് തസ്തികയിൽ അന്യത്ര സേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.173/2026/SJD തീയതി,തിരുവനന്തപുരം, 13-08-2026

---

പരാമർശം:-
1. 20.10.1999-ലെ സ.ഉ.(കൈ)നം.45/1999/സാ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ്.
2. 22.01.2013-ലെ സ.ഉ.(പി)നം.45/2013/ധന. നമ്പർ സർക്കാർ ഉത്തരവ്.
3. 10.05.2013-ലെ 42/2013/ധന. നമ്പർ സർക്കുലർ.
4. 28.11.2013-ലെ സ.ഉ.(പി)നം.580/2013/ധന. നമ്പർ സർക്കാർ ഉത്തരവ്.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.05.2026-ലെ LSGD/PD/16327/2026-DEC4 നമ്പർ നിരാക്ഷേപ കത്ത്.
6. ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ 23.06.2026-ലെ 4605/ഇ1/25/എസ്.സി.പി.ഡബ്ല്യൂ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിൽ നിലവിൽ ഒഴിവുള്ള ഒരു ക്ലർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി പത്രപ്പരസ്യത്തിലൂടെ അപേക്ഷ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 11 അപേക്ഷകളിൽ നിന്നും 10.06.2026-ന് നടന്ന ഇന്റർവ്യൂവിൽ 9 ഉദ്യോഗാർത്ഥികൾ പങ്കെടുത്തതായും, അപേക്ഷകരുടെ മികവും സേവന പരിചയവും കണക്കിലെടുത്ത് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഉചിതമായ ആളെ നിയമിക്കണമെന്ന് അഭ്യർത്ഥിച്ച് ഉദ്യോഗാർത്ഥികളുടെ അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (6) പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഒന്നാം റാങ്കുകാരനും മലപ്പുറം ജില്ല ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ.അരവിന്ദ് വി.-ക്ക് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന

കമ്മീഷണറേറ്റിൽ നിലവിൽ ഒഴിവുള്ള ക്ലർക്ക് തസ്തികയിൽ നിലവിലെ അന്യത്ര സേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ വ്യവസ്ഥകൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്ര സേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEKHA T
ജോയിന്റ് സെക്രട്ടറി

1. ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാനകമ്മീഷണർ, ആഞ്ജനേയ, റ്റി.സി. 9/1023(1), ശാസ്തമംഗലം, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ. തിരുവനന്തപുരം.
3. ശ്രീ. അരവിന്ദ് വി., ക്ലാർക്ക്, ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത്, മലപ്പുറം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
5. ഐ&പി.ആർ, വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Vipin S D
Date: 13-08-2026
11:58:33
സെക്ഷൻ ഓഫീസർ